LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള മോട്ടോർവാഹന നിയമം കേന്ദ്ര നിയമമാണ്. ഇത് സമൂലമായി പരിഷ്കരിക്കുന്നതിനായി കേന്ദ്ര സർക്കാർ റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ പ്രകാരം വാഹന നികുതി നിർണ്ണയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. നിലവിൽ ഇത് സംസ്ഥാന സർക്കാരിനാണ്. ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള അധികാരം ബിൽ പ്രകാരം Competent Authority/Specified Authority-ക്കാണ്. ഇത് ആരെന്ന് കരട് ബില്ലിൽ പ്രതിപാദിച്ചിട്ടില്ല.

ഞാറയ്ക്കലിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ

239 (4574) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിനിലെ ഞാറയ്ക്കലിൽ പുതുതായി കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഡിപ്പോയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ലഭ്യമായിരിക്കെ അനുകൂലമായ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സ്ഥലവും കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ നഗരസഭയോ ഒരുക്കി തന്നാലും ഒരു ഓപ്പറേറ്റിംഗ് സെന്ററിന്റെ തുടർ പ്രവർത്തന ചെലവുകൾക്കായി പ്രതിവർഷം കുറഞ്ഞത് ശരാശരി ഒരു കോടി രൂപയെങ്കിലും ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഞാറയ്ക്കലിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം

240 (4575) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ അനുവദിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?